## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2696 — 20.6.2013 ലെ മറുപടിക്ക്

### അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളിൽ സംവരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളിൽ 25 ശതമാനം പിന്നോക്ക ദുർബല വിഭാഗങ്ങളിൽപ്പെട്ട കുട്ടിൾക്ക് നൽകുവാൻ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് സർക്കാർ ഉത്തരവ് നൽകുമോ ; | (എ) 4.5.2013 ലെ ജി.ഒ(എം.എസ്) 158/13/പൊവിവ മുഖേന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ടെസ്റ്റും ഇന്റർവ്യൂവും നടത്തി പ്രവേശന യോഗ്യത നിശ്ചയിക്കുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനുളള കർശന നടപടികൾ സ്വീകരിക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്കൂൾ പ്രവേശനത്തിന് കുട്ടികളുമായോ രക്ഷകർത്താക്കളുമായോ നടത്തുന്ന അഭിമുഖങ്ങൾ, ടെസ്റ്റുകൾ, ഇടപെടലുകൾ എന്നിവയെ സ്ക്രീനിംഗ് നടപടികൾ എന്നതു കൊണ്ട് കേന്ദ്രവിദ്യാഭ്യാസ ആക്ടിൽ വിവക്ഷിക്കുകയും, ഈവിധമുള്ള എല്ലാ സ്ക്രീനിംഗ് രീതികളെയും കേന്ദ്രവിദ്യാഭ്യാസനിയമത്തിലെ 13 (2) ബി പ്രകാരം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ജി.ഒ (പി)) 100/11/പൊവിവ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ളകേരളവിദ്യാഭ്യാസ ചട്ടങ്ങളിലെ ചട്ടം 10(8) ലും ഇത്തരം സ്ക്രീനിംഗ് നടപടികൾ സ്കൂളുകളിൽ നിരോധിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്) 158/13/പൊവിവ പ്രകാരം |

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ
ങ്ങളിലെ 2 – ാം ഖണ്ഡികയിലും
അൺഎയ്ഡഡ് സ്കൂളുകളിൽ
ടെസ്റ്റുകളോ ഇൻറർവ്യൂവോ നടത്തി
കുട്ടികളെ പ്രവേശിപ്പിക്കരുതെന്ന
കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻഓഫീസർ